## കേരള സർക്കാർ

## സംഗ്രഹം

വിവര സാങ്കേതിക വകുപ്പ് - വിവര വിനിമയ സാങ്കേതികതയിലൂടെ വിവിധ വകുപ്പുകളുടെ സേവനം ഏകോപിപ്പിക്കൽ - സമഗ്രസേവനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വിവര സാങ്കേതിക വകുപ്പ്

സ.ഉ (കൈയ്യെഴുത്ത്)നം:4/2000/ഐ.റ്റി.വ. തീയതി, തിരുവനന്തപുരം,3.3.2000.

## ഉത്തരവ്

പൊതുജനങ്ങൾക്ക് നിത്യജീവിതത്തിൽ അവശ്യം വേണ്ടുന്ന സേവനം നൽകുന്ന വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയിലെല്ലാം പോകാതെ ഇവയുടെ പ്രധാനപ്പെട്ട സേവനങ്ങളും, പ്രയോജനങ്ങളും വിവരവിനിമയ സാങ്കേതികതയിലൂടെ സമന്വയിപ്പിച്ച് ഒരു ഏകജാലകസംവിധാനത്തിൽ കൂടി ലഭ്യമാക്കുവാൻ കഴിയുന്ന ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലായിരുന്നു. പൊതുജനങ്ങൾക്ക് നിത്യജീവിതത്തിൽ നേരിട്ട് ബന്ധപ്പെടേണ്ട വകുപ്പുകളെയും അവയ്ക്ക് പ്രദാനം ചെയ്യുവാൻ കഴിയുന്ന സേവനങ്ങളെയും കണ്ടെത്തുകയും, അവയെ വിവരവിനിമയ സാങ്കതികവിദ്യയിലൂടെ ഏകോപിപ്പിച്ച് ഒരു സ്ഥലത്തുനിന്നുതന്നെ സേവനം ലഭ്യമാക്കുവാൻവേണ്ട ഒരു സംവിധാനം വികസിപ്പിച്ചെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ കാതൽ. ഇത്തരം സേവനം ലഭ്യമാക്കുന്ന ഒരു "സമഗ്രസേവനകേന്ദ്രം" തിരുവനന്തപുരം നഗരസഭാ അതിർത്തിക്കുള്ളിൽ ഒരു പൈലറ്റ് പ്രോജക്ടായി നടപ്പാക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത കേന്ദ്രത്തിൽ നിന്നും, തിരുവനന്തപുരം നഗരസഭ, വൈദ്യുതി ബോർഡ്, ജലഅതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, റവന്യൂ വകുപ്പ്, സിവിൽ സപ്ലൈസ്, കേരള സർവ്വകലാശാല തുടങ്ങിയ ഓഫീസുകളുടെ സേവനങ്ങളും, ടെലിഫോൺ ബിൽ, പാസ്പോർട്ട് അപേക്ഷകൾ, എയർലൈൻ, കെ.എസ്.ആർ.റ്റി.സി ബസ്/ഹോട്ടൽ റിസർവേഷൻ സൗകര്യങ്ങളുമാണ് തുടക്കത്തിൽ സജ്ജമാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഉദ്ദേശം 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത സമഗ്രസേവനകേന്ദ്രം തിരുവനന്തപുരം നഗരസഭാ അതിർത്തിക്കുള്ളിൽ ആഴ്ചയിൽ 7 ദിവസവും, രാവിലെ 9 മുതൽ രാത്രി 8 വരെ രണ്ടു ഷിഫ്റ്റുകളിലായി, മേൽപറഞ്ഞിട്ടുള്ള വകുപ്പുകളിൽ/ഏജൻസികളിൽ നിന്നും യുക്തരായ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ/വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ

വിന്യസിപ്പിച്ച് പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സമഗ്രസേവന കേന്ദ്രത്തിൽ, 25-ഓളം കമ്പ്യൂട്ടർ ടെർമിനലുകളും, ഓരോ ടെർമിനലുകളും മേൽ സൂചിപ്പിച്ച വകുപ്പുകളിൽ/ഏജൻസികളിൽ സ്വീകരിക്കേണ്ട ഫീസുകൾ, നികുതികൾ മുതലായവ സ്വീകരിക്കുകയും, ലൈസൻസിനും മറ്റുമുള്ള അപേക്ഷകൾ വിതരണം ചെയ്യുകയും, അവ സ്വീകരിക്കുകയും മറ്റും ചെയ്യുന്ന സ്വതന്ത്ര കൗണ്ടറുകളായി പ്രവർത്തിക്കേണ്ടതാണ്.

2. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും, താഴെ പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(i) തിരുവനന്തപുരം നഗരസഭാ അതിർത്തിക്കുള്ളിൽ, വിവിധ വകുപ്പുകളുടെ/ഏജൻസികളുടെ സേവനങ്ങളും, മറ്റു അവശ്യ സൗകര്യങ്ങളും ഒരു ഏകജാലക സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി, ഉദ്ദേശം 40 ലക്ഷം രൂപ ചെലവിൽ ഒരു "സമഗ്രസേവനകേന്ദ്രം" പൈലറ്റ് പ്രോജക്ടായി നടപ്പാക്കാനുള്ള നിർദ്ദേശം തത്ത്വത്തിൽ അംഗീകരിക്കുകയും, അപ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഈ പദ്ധതി, ഫലപ്രദമായി ഏകോപിപ്പിച്ച് നടപ്പാക്കുന്ന ചുമതല ഐ.റ്റി വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

(ii) പ്രസ്തുത "സമഗ്രസേവനകേന്ദ്ര"ത്തിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും, അതിന്റെ മേൽനോട്ടത്തിനുമായി ചീഫ്സെക്രട്ടറിയുടെ അധ്യക്ഷതയിൽ താഴെ പറയുന്ന ഒരു 'പ്രോജക്ട് ഇംപ്ളിമെന്റേഷൻ കമ്മിറ്റി'യും രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ചീഫ്സെക്രട്ടറി - ചെയർമാൻ.
(ii) മേയർ (തിരുവനന്തപുരം കോർപ്പറേഷൻ) - മെമ്പർ.
(iii) പ്രിൻസിപ്പൽ സെക്രട്ടറി (ഫിനാൻസ്) - മെമ്പർ.
(iv) സെക്രട്ടറി (നഗര വികസനം) - മെമ്പർ.
(v) സെക്രട്ടറി (റവന്യൂ) - മെമ്പർ.
(vi) സെക്രട്ടറി & കമ്മീഷണർ (സിവിൽ സപ്ളൈസ്) - മെമ്പർ.
(vii) സെക്രട്ടറി (തിരുവനന്തപുരം കോർപ്പറേഷൻ) - മെമ്പർ.
(viii) രജിസ്ട്രാർ (കേരള സർവ്വകലാശാല) - മെമ്പർ.
(ix) മാനേജിംഗ് ഡയറക്ടർ (കേരള വാട്ടർ അതോറിറ്റി) - മെമ്പർ.
(x) ചെയർമാൻ (കെ.എസ്.ഇ.ബി) - മെമ്പർ.
(xi) കമ്മീഷണർ (ഗതാഗതം) - മെമ്പർ.
(xii) കമ്മീഷണർ (സിവിൽ സപ്ളൈസ്) - മെമ്പർ.
(xiii) സെക്രട്ടറി (ഐ.റ്റി) - കൺവീനർ.

(iii) പ്രസ്തുത കമ്മിറ്റിക്ക് പദ്ധതി നടപ്പാക്കുന്നതിനുവേണ്ട വിശദമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും, സെന്ററിന്റെ വിശദാംശങ്ങൾ നിർദ്ദേശിക്കുന്നതിനും അധികാരമുണ്ടായിരിക്കും. കൂടാതെ,പ്രൊജക്ട് ഇംപ്ളിമെന്റേഷൻ കമ്മിറ്റിയിൽ കൂടുതൽ മെമ്പർമാരെ ചേർക്കുന്നതിനും, സമഗ്രസേവനകേന്ദ്രത്തിന്റെ ഫലപ്രദമായ നടത്തിപ്പിന്, വേണ്ടിവന്നാൽ, സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരമുണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം;
എം. മോഹൻകുമാർ
ചീഫ് സെക്രട്ടറി

ചെയർമാൻ/മെമ്പർമാർ.
ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ/വകുപ്പദ്ധ്യക്ഷൻമാർ.
ആരാധ്യനായ മേയർ, തിരുവനന്തപുരം കോർപ്പറേഷൻ (കത്ത് സഹിതം).
മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി.
സെക്രട്ടറി, നഗരസഭ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (24.2.2000 ലെ ഇനം നം: 4137 പ്രകാരം).
ധനകാര്യ വകുപ്പ്.
പബ്ളിക് റിലേഷൻസ് ഡയറക്ടർ.
പകർപ്പ്: അഡീഷണൽ സെക്രട്ടറി (ചീഫ് സെക്രട്ടറിയുടെ ഓഫീസ്).
ഇൻഫർമേഷൻ ടെക്നോളജി സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം;

സെക്ഷൻ ഓഫീസർ.